കേരള സർക്കാർ

സംഗ്രഹം

പൊതു വിദ്യാഭ്യാസ വകുപ്പ് – ഉച്ചഭക്ഷണ പദ്ധതി – കണ്ടിജന്റ് ചാർജ്ജ് വർദ്ധിപ്പിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

പൊതു വിദ്യാഭ്യാസ (ഡി) വകുപ്പ്

സ.ഉ.(സാധാ) നം. 948/2016/പൊ.വി.വ. തീയതി, തിരുവനന്തപുരം, 03/03/2016.

പരാമർശം :- പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ 22.07.2014, 14.10.2015 തീയതികളിലെ
എൻ.എം.1/34566/2013/ഡി.പി.ഐ നമ്പർ കത്തുകൾ.

ഉത്തരവ്

ഉച്ചഭക്ഷണ പദ്ധതിക്കുള്ള കണ്ടിജന്റ് ചാർജ്ജ് 5/- രൂപയിൽ നിന്നും വർദ്ധിപ്പിക്കണമെന്നും പാചക തൊഴിലാളികളുടെ വേതനം പ്രത്യേകം അനുവദിക്കണമെന്നും പരാമർശത്തിലെ കത്തു മുഖേന പൊതുവിദ്യാഭ്യാസ ഡയറക്ടർ അഭ്യർത്ഥിക്കുകയുണ്ടായി.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. കുട്ടിയൊന്നിന് കണ്ടിജന്റ് ചാർജ്ജായി നിലവിൽ നൽകുന്ന 5/- രൂപയിൽ നിന്നാണ് സ്കൂൾ പാചകതൊഴിലാളികൾക്ക് വേതനം നൽകുന്നത്. ആയതിനാൽ ഇപ്പോൾ നൽകിവരുന്ന തുക അപര്യാപ്തമാണ് എന്ന് കണ്ടെത്തിയ സാഹചര്യത്തിൽ പുറമെ ചേർത്തിരിക്കുന്ന വ്യവസ്ഥകൾക്ക് വിധേയമായി ഉച്ചഭക്ഷണപദ്ധതിയിനത്തിൽ കണ്ടിജന്റ് ചാർജ്ജായി കുട്ടിയൊന്നിന് 5/- രൂപ എന്ന നിരക്കിൽ നൽകിവരുന്ന തുക 150 കുട്ടികളിൽ കൂടുതലുള്ള സ്കൂളുകളിൽ 8/- രൂപയായി വർദ്ധിപ്പിച്ച് ഉത്തരവാകുന്നു. സ്കൂൾ പാചകതൊഴിലാളികൾക്ക് നിലവിൽ നൽകിവരുന്ന വേതനമായ 350/- രൂപ പ്രത്യേകം നൽകുവാനും അനുമതി നൽകുന്നു.

(1) പാചകത്തിന് പാചകവാതകം (എൽ.പി.ജി) ഉപയോഗിക്കേണ്ടതാണ്.

(2) ഉച്ചഭക്ഷണ പരിപാടി കാര്യക്ഷമമായി നടത്തുന്നതിന്റെയും ഗുണമേന്മയുള്ളതും പോഷകസമൃദ്ധവുമായ ഭക്ഷണം കുട്ടികൾക്ക് നൽകുന്നതിന്റെയും ഉത്തരവാദിത്വം പ്രധാന അദ്ധ്യാപകനിലും രക്ഷാകർതൃ സമിതിയിലും നിക്ഷിപ്തമാണ്. ഇക്കാര്യത്തിൽ പദ്ധതി പുനഃസംഘടിപ്പിക്കാൻ പൊതുവിദ്യാഭ്യാസ ഡയറക്ടർ നടപടി സ്വീകരിക്കേണ്ടതാണ്.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)

ആർ. കമാർ

ഡെപ്യൂട്ടി സെക്രട്ടറി

പകർപ്പ്
പൊതുവിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം.
സ്റ്റേറ്റ് പ്രോജക്ട് ഡയറക്ടർ, സർവ്വ ശിക്ഷാ അഭിയാൻ, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/ എ & ഇ) കേരളം, തിരുവനന്തപുരം.
ധനകാര്യ വകുപ്പ് (04.02.2016 ലെ 90935/എഫ്.എ1/15/ധന. നം. അനൗദ്യോഗിക കുറിപ്പ് പ്രകാരം കമ്പ്യൂട്ടർ നം.45593)
വിവര പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ് (വിപുല പ്രചാരണത്തിന്)
സ്റ്റോക്ക് ഫയൽ/ ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ